# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.206

28-10-2019 ൽ മറുപടിയ്ക്ക്

## ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) & ബി) ചാലക്കുടി സ്റ്റേഷൻ നിർമ്മാണത്തിനായി ചാലക്കുടി വില്ലേജിൽ സർവേ നമ്പർ 724-ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 22 സെന്റ് സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി റിക്വിസിഷൻഫോം മേലൊപ്പ് രേഖപ്പെടുത്തി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് PWD (മെക്കാനിക്കൽ സബ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓഫീസുകൾ നില കൊള്ളുന്നു. ടി വകുപ്പിൽ നിന്ന് സമ്മതപത്രം ലഭ്യമാക്കുന്നതിന് ജലവിഭവ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| ബി) ഇറിഗേഷൻ (മെക്കാനിക്കൽ) വകുപ്പ് വക സ്ഥലത്ത് ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് അനുമതിക്കായി നടപടികൾ സ്വീകരിക്കുമോ; | |
| സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) സ്ഥലം വകുപ്പിന് ലഭ്യമാക്കി കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ആയത് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവാൻ സാധിക്കുകയുള്ളൂ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ